**പതിനഞ്ചാം കേരള നിയമസഭ**

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**എട്ടാമത് റിപ്പോർട്ട്**

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സംസ്ഥാന വയോജന നയം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

എട്ടാമത് റിപ്പോർട്ട്

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സംസ്ഥാന വയോജന നയം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്]

714/2025.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | i |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.

ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി.കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-26) യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരന്മാരെ ശാക്തീകരിച്ച് സമൂഹത്തിൽ സജീവവും സാർത്ഥകവുമായ പങ്കുവഹിക്കാൻ പ്രാപ്തരാക്കി വ്യത്യസ്ത പ്രായത്തിലുള്ള വിഭാഗങ്ങളുമായി ഇണങ്ങിച്ചേരാൻ സഹായിക്കുക എന്നതാണ് സംസ്ഥാന വയോജന നയത്തിന്റെ പ്രധാന ദൗത്യം. നയപരമായ ഒരു രേഖ എന്നതോടൊപ്പം മുതിർന്നവരുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ട പദ്ധതികളിലേക്കുള്ള വഴികാട്ടി കൂടിയാകുവാൻ ഈ നയത്തിലൂടെ ലക്ഷ്യമിടേണ്ടതുണ്ട്. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി അവരെ അഭിമാനപൂർവ്വം സമൂഹത്തിലെ ഒരു അംഗമായി കഴിയുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഈ നയം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. സമിതി പ്രസ്തുത വിഷയം പഠിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,
*ചെയർപേഴ്സൺ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 മാർച്ച് 24.

# റിപ്പോർട്ട്

ഏറ്റവും കൂടുതൽ കരുതൽ ലഭിക്കേണ്ട വിഭാഗങ്ങളിലൊന്നാണ് വയോജനങ്ങൾ. ആധുനിക സമൂഹത്തിൽ ഏറ്റവും കൂടുതൽ ഒറ്റപ്പെടൽ അനുഭവിക്കുന്ന വിഭാഗവും ഇവർ തന്നെ. പ്രത്യേകിച്ചും ആരോഗ്യ മേഖലയും സേവനങ്ങളും ശക്തിപ്പെട്ട കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പോലും അത് പ്രകടമാകുന്നു. ആയുർദൈർഘ്യം വർദ്ധിക്കാൻ മെച്ചപ്പെട്ട ആരോഗ്യ സംവിധാനം വയോജനങ്ങളെ സഹായിക്കുന്നു.

2. പുതിയ കാലത്ത് സമൂഹം നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതാണ് വയോജന സംഖ്യയിലെ വർദ്ധനവും അവരുടെ സംരക്ഷണവും. 2016 അവസാനത്തോടെ ജനസംഖ്യയുടെ 16 ശതമാനമാണ് ഇവരുടെ പങ്കാളിത്തം. 2030 ഓടെ കേരളത്തിൽ വയോജനങ്ങൾ 30 ശതമാനമാകുമെന്നാണ് നിഗമനം. സമൂഹത്തിലെ വലിയ വിഭാഗമായി വയോജനങ്ങൾ പരിണമിക്കുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ജീവിതത്തിന്റെ സായാഹ്നത്തിലെത്തി നിൽക്കുന്ന വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഇന്ന് വലിയ സാമൂഹിക പ്രശ്നമായി തീർന്നിരിക്കുകയാണ്. കേരളത്തിൽ മാത്രമല്ല രാജ്യത്തുടനീളം മുതിർന്ന പൗരന്മാരുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നു. സമൂഹത്തിന്റെ മുന്നിൽ പലപ്പോഴും ഇത് വലിയ വെല്ലുവിളികളും ബാധ്യതകളും സൃഷ്ടിക്കാറുണ്ട്. മനുഷ്യരുടെ ശരാശരി ആയുസ്സ് പിന്നിട്ടവരോ ആയുസ്സിനോട് അടുത്തവരോ ആണ് ബഹുഭൂരിപക്ഷം വൃദ്ധജനങ്ങളും. ഒരു കാലത്ത് കുടുംബത്തിന്റെ അത്താണിയും തണലുമായിരുന്ന തലമുറ ആർക്കും വേണ്ടാത്തവരായി മാറുന്ന അവസ്ഥയാണ് നിലവിൽ കണ്ടുവരുന്നത്. അണുകുടുംബ സാഹചര്യങ്ങളിലേയ്ക്ക് മാറിയതോടെ ഒറ്റപ്പെടലും പ്രായാധിക്യവും അനുബന്ധ രോഗങ്ങളും വല്ലാതെ ഇവരെ അലട്ടുന്നു. ബാല്യം മുതൽ ജീവിതത്തിന്റെ ഒരു ഘട്ടം വരെ രക്ഷിതാക്കളുടെ പരിചരണം ലഭിക്കുകയും പിന്നീട് സ്വന്തമായി നിലനിൽക്കാൻ സാധിക്കുകയും ചെയ്യുന്ന പ്രായം പിന്നിട്ട് വാർദ്ധക്യത്തിലെത്തുന്നതോടെ കടുത്ത അവഗണന നേരിടേണ്ടി വരുന്നു. തങ്ങളുടെ അധ്വാന ശേഷിയും പ്രായോഗിക ബുദ്ധിയും സർഗ്ഗ വൈഭവങ്ങളും സ്വന്തം കുടുംബത്തിനും സമൂഹത്തിനുമായി വിനിയോഗിച്ചവരായിരുന്നു അവർ. പണ്ട് കുടുംബം എന്നത് കുട്ടികളും അവരുടെ മാതാപിതാക്കളും അവരുടെ അച്ഛനും അമ്മയും ഒക്കെ ചേർന്ന ഒരു കൂട്ടുകുടുംബ വ്യവസ്ഥ ആയിരുന്നു. കുട്ടികളുടെ ജീവിത വീക്ഷണത്തിലും അവരുടെ വളർച്ചയിലും സാമൂഹിക കാഴ്ചപ്പാട് രൂപീകരണത്തിലും വളരെയേറെ സ്വാധീനം ചെലുത്താൻ മുതിർന്നവർക്ക് കഴിഞ്ഞിരുന്നു. അതിനാൽ തന്നെ മുതിർന്നവരെ ആദരിക്കുന്നതിലും അവരെ സഹായിക്കുന്നതിലും അവരുടെ പരിപാലനത്തിനും കുടുംബത്തിന് പുറത്ത് ഏറെ സഹായങ്ങൾ ആവശ്യമായിരുന്നില്ല.

3. എന്നാൽ അണുകുടുംബ വ്യവസ്ഥ സാർവത്രികമായതോടെ നമ്മെ വളർത്തിയവരുടെ സംരക്ഷണവും പരിപാലനവും നമ്മുടെ കടമകൾക്ക് പുറത്താകുന്ന കാഴ്ച കാണേണ്ടതായി വരുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ മൂല്യച്യുതിയും ജോലി തേടി വിദേശങ്ങളിൽ ചേക്കേറുന്നതും ഇതിനു കാരണമായി പറയുന്നെങ്കിലും പഴയതിലേക്ക് ഒരു തിരിച്ചുപോക്ക് ഇനി പ്രായോഗികമല്ല. ഇത് മനസ്സിലാക്കി ഈ വിഭാഗങ്ങളുടെ സംരക്ഷണത്തിനും പരിചരണത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് അനിവാര്യമാണ്.

4. ജെറിയാട്രിക് പദ്ധതികളും നയങ്ങളും നമ്മുടെ രാജ്യത്ത് നടപ്പാക്കി തുടങ്ങിയെങ്കിലും ആയത് ഇപ്പോഴും പ്രാരംഭദശയിലാണ്. വിദേശ രാജ്യങ്ങളിൽ ഏറ്റവും മികച്ച പരിഗണനയാണ് വയോജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. മുതിർന്ന പൗരന്മാർക്ക് പിന്തുണയും സഹായങ്ങളും നൽകുന്ന മനോഭാവം ഓരോരുത്തരിലും നിർബന്ധമായി വളർത്തിയെടുക്കുന്നതിന് നിയമനിർമാണം ഉൾപ്പെടെയുള്ള വിവിധ നയ പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. കുടുംബത്തിനും സമൂഹത്തിനും താങ്ങാകാൻ അവരുടെ യൗവ്വനം സമർപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെ വയോജനങ്ങൾക്ക് അർഹമായ പരിഗണന നൽകേണ്ടതിന്റെ ആവശ്യകത പുതുതലമുറ അറിഞ്ഞിരിക്കണം. പലപ്പോഴും പുതുതലമുറയുടെ വിദ്യാഭ്യാസം, സംസ്കാരം എന്നിവയിൽ മൂല്യം നഷ്ടമാകുന്ന അവസ്ഥയുണ്ട്. അതുകൊണ്ടു തന്നെ കുട്ടിക്കാലം മുതൽ വയോജനങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന തരത്തിലേയ്ക്ക് കുട്ടികളെ മാറ്റിയെടുക്കാൻ സാധിക്കണം. വാർദ്ധക്യത്തെ തടഞ്ഞു നിർത്താനോ വേണ്ടെന്നു വയ്ക്കാനോ ആർക്കും കഴിയില്ല. വയോജനങ്ങൾക്ക് താങ്ങും തണലുമാകേണ്ടത് നാമോരോരുത്തരുടെയും ഉത്തരവാദിത്തമാണ്. വാർദ്ധക്യം അനിവാര്യതയാണ്. ജീവിതത്തിന്റെ നല്ല നാളുകൾ മാറി മറിഞ്ഞ് എല്ലാവരും എത്തപ്പെടുന്ന ജീവിത യാത്രയിലെ അവസാന തുരുത്താണ് വാർദ്ധക്യം. അവർ കൊണ്ട വെയിലാണ് ഇന്ന് നാം അനുഭവിക്കുന്ന തണലിനും തണുപ്പിനും പിന്നിൽ. ആയതിനാൽ ജീവിത സായാഹ്നത്തിലേയ്ക്ക് കടന്ന വയോജനങ്ങൾക്ക് താങ്ങും തണലുമാകേണ്ടത് നമ്മുടെ കടമയാണ്.

5. വീടുകളിലെ അക്രമങ്ങൾ ഏറുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമങ്ങൾക്കൊപ്പം വീട്ടിലെ പ്രായം ചെന്നവർക്കെതിരായ അക്രമങ്ങളും ദിനംപ്രതി വർദ്ധിക്കുകയാണ്. വൃദ്ധരായ മാതാപിതാക്കളെ യാതൊരു ദയയുമില്ലാതെ വീടിനകത്ത് പൂട്ടിയിടുകയും തെരുവിലും ക്ഷേത്ര നടയിലും തള്ളുകയും ചെയ്യുന്ന മക്കളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. മറ്റ് ചിലർ വൃദ്ധ സദനങ്ങളിലോ മറ്റ് സുരക്ഷാ കേന്ദ്രങ്ങളിലോ വിട്ട് അവരുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു. മക്കളുടെയും ചെറുമക്കളുടെയും സ്നേഹവും പരിചരണവും ലഭിക്കേണ്ട അവസ്ഥയിൽ ഉറ്റവരില്ലാതെ ജയിലറപോലുള്ള സ്ഥലങ്ങളിൽ

ജീവിക്കേണ്ടി വരുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അച്ഛനെയോ അമ്മയെയോ കൊല്ലുന്ന മക്കൾ, മുത്തച്ഛനേയോ മുത്തശ്ശിയേയോ ആക്രമിച്ച് പരിക്കേൽപ്പിച്ച് വീട്ടിൽ നിന്നും പുറന്തള്ളുന്ന ചെറുമക്കൾ തുടങ്ങിയവർ നമ്മുടെ സമൂഹത്തിൽ ഇപ്പോൾ അപൂർവ്വമല്ലാത്ത കാഴ്ചയായി മാറുന്നു. യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം വയോജനങ്ങൾക്ക് ഭീഷണിയായി മാറുന്നു. പലരും തങ്ങളുടെ പുതിയ ജീവിത രീതിയ്ക്കും വീടിന്റെ അന്തസ്സിനും പ്രായമേറിയ അച്ഛനും അമ്മയും നാണക്കേടാകുമെന്ന വിചാരത്തിലാണ് അവരെ പുറം തള്ളുന്നത്. ഹോം നഴ്സുമാരും വൃദ്ധ സദനങ്ങളുമല്ല വാർദ്ധക്യകാലത്ത് നാം അവർക്കുവേണ്ടി ഒരുക്കിവയ്ക്കേണ്ടത്. സ്നേഹവും പരിഗണനയുമാണ്.

6. ചെറുപ്പം മുതൽ പരിപാലിക്കുകയും വളർത്തി ഒരു നിലയിലെത്തിക്കുകയും ചെയ്യുന്ന സ്വന്തം രക്ഷിതാക്കളെ നട തള്ളുകയെന്നത് പൊറുക്കാനാവാത്ത ക്രൂരതയാണ്. അതിന് തക്കതായ ശിക്ഷ തന്നെയാണ് മറുമരുന്ന്. കൂടുതൽ കർശനമായ ശിക്ഷാ വിധികളോടൊപ്പം മാത്യ ജനസ്നേഹവും സ്നേഹ ബന്ധങ്ങളും സൗഹൃദത്തിന്റെ ആവശ്യകതയും ചെറുപ്പംമുതലേ വളർത്തിയെടുക്കാനാവുന്ന വിധത്തിൽ വിദ്യാഭ്യാസ രീതികളിലും മാറ്റം വരുത്തേണ്ടതുണ്ട്. പ്രായമായ മാതാപിതാക്കളെ ഉപേക്ഷിക്കുന്നതും അവരെ ശാരീരികമായും മാനസികമായും വേദനിപ്പിക്കുന്നതും പുരോഗമന സമൂഹത്തിന് ചേർന്നതല്ല. മക്കളുണ്ടായിട്ടും അനാഥരാക്കപ്പെട്ടവരുടെ വിങ്ങലും വിലാപവും കേൾക്കാതെ, അതിന് പരിഹാരം കാണാതെ പൊതു സമൂഹത്തിനും സർക്കാരിനും മുന്നോട്ടു പോകാനാകില്ല. ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ആശങ്കപ്പെടുത്തുന്നത് തന്നെയാണ്. മനുഷ്യ ബന്ധങ്ങൾക്ക് വിലയില്ലാതാകുന്ന സൗഹൃദങ്ങൾക്കപ്പുറം സ്വന്തം കാര്യത്തിനും ഉപഭോഗ തൃഷ്ണയ്ക്കും പ്രചോദനമേകുന്ന ആധുനികകാല ജീവിത വ്യവസ്ഥയും ഇതിന് കാരണമാകുന്നുണ്ട്. എന്നാൽ മാനുഷികവും ധാർമ്മികവുമായി പരിശോധിക്കുമ്പോൾ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രധാനമായും മക്കളാൽ ഉപേക്ഷിക്കപ്പെട്ട് അനാഥമാകുന്ന ഇവരുടെ ദുരിതങ്ങൾ കർശന നടപടികളിലൂടെ തന്നെ പരിഹരിക്കപ്പെടേണ്ടതുണ്ട്. വയോജനങ്ങളെ ശ്രദ്ധിക്കുകയും പരിചരിക്കുകയും ചെയ്യുന്നതോടെ മക്കളുടെ കടമ അവസാനിക്കുന്നില്ല. അത് പകരം വയ്ക്കാനില്ലാത്ത കടമയാണ്. പ്രായാധിക്യം ഒരു കുറ്റമല്ല. എല്ലാവർക്കുമുള്ള ജീവിതദശയാണ്.

7. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ മുതിർന്നവരുടെ സംഖ്യ ശീഘ്രഗതിയിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പൊതുവായ ജനസംഖ്യാ വർദ്ധനയുടെ നിരക്കിനെക്കാളധികമാണ് മുതിർന്നവരുടെ വർദ്ധന. എവിടെയായാലും മുതിർന്നവരുടെ വർദ്ധന ജനസംഖ്യയിൽ ഘടനാപരമായ മാറ്റങ്ങളുണ്ടാക്കും. ആയുർദൈർഘ്യം വർദ്ധിച്ചതു വഴി വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ജനസംഖ്യയിലെ വലിയൊരു വിഭാഗമാണ് ഇതിലുൾപ്പെടുന്നത് എന്നതിനാൽ തന്നെ

അവരുടെ സുരക്ഷ സമൂഹത്തിന്റെ കൂടി ഉത്തരവാദിത്തമാണ്. ഓരോ പത്ത് വർഷം കൂടുമ്പോഴും 25 ലക്ഷം പേർ വീതമെങ്കിലും ഈ ജനസംഖ്യയിൽ കൂട്ടതലായെത്തുന്നുണ്ടെന്നാണ് നിഗമനം. അതിനാൽ തന്നെ വയോജനങ്ങളുടെ സംരക്ഷണത്തിനുള്ള നയങ്ങളും നിയമ നിർമ്മാണങ്ങളും ശക്തമായി നടപ്പിലാക്കേണ്ടത് സമൂഹത്തിന്റെ അനിവാര്യതയാണ്.

8. സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപവത്ക്കരിക്കുന്നതിനുള്ള മാർഗ്ഗരേഖയായിട്ടുള്ള മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം അഥവാ വയോജന നയം ആദ്യമായി നടപ്പിലാക്കിയത് 2006-ൽ ആണ്. ലോകത്ത് ഓരോ വർഷവും കണ്ടെത്തുന്ന വയോജനങ്ങളുടെ പുതിയ പ്രശ്നങ്ങൾക്കുള്ള നിർദ്ദേശങ്ങളും അവരുടെ സംരക്ഷണത്തിനുള്ള പരിപാടികളും എങ്ങനെയാവണം എന്നത് സംബന്ധിച്ച് യു.എൻ-ഉം മറ്റ് സ്ഥാപനങ്ങളും പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ദേശീയമായും പ്രാദേശികമായും മാർഗ്ഗരേഖകൾ പുറത്തിറക്കി നടപ്പാക്കേണ്ടതുണ്ട്.

9. ലോകത്ത് വയോജനങ്ങളുടെ വർദ്ധനവ് എല്ലാ സമൂഹത്തിലും ഘടനാപരമായ ഒരു മാറ്റം ആവശ്യപ്പെടുന്നു. 2030 ആകുമ്പോഴേക്കും വയോജനങ്ങളുടെ എണ്ണം ചെറുപ്പക്കാരേക്കാൾ കൂടുമെന്ന് ആശങ്കപ്പെടുന്നുണ്ട്. ഇന്ത്യയിൽ 2011 ൽ 103.2 ദശലക്ഷം വയോജനങ്ങൾ ഉണ്ടായിരുന്നിടത്ത് 2031 ആകുമ്പോഴേക്കും അത് 193.4 ദശലക്ഷമായി വർദ്ധിക്കുമെന്ന് കണക്കുകൂട്ടുന്നു. ജനസംഖ്യാപരമായി ഉണ്ടാകുന്ന ഈ ഘടനാ മാറ്റത്തെ ഉൾക്കൊള്ളാൻ കഴിയും വിധം സാമൂഹികമായ പുനർനിർമ്മിതി ആവശ്യമാണ്.

10. ഈ സന്ദർഭത്തിലാണ് കേരളം 2006-ൽ പുറത്തിറക്കി നടപ്പാക്കി തുടങ്ങിയ മാർഗരേഖകൾ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്ത വിധം ഘനീഭവിച്ചതായി കാണേണ്ടത്. പിന്നീട് 2013-ൽ അതുവരെ ആഗോളതലത്തിൽ വയോജനങ്ങൾക്കായി പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് പുതിയ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചുവെങ്കിലും ഒന്നും തന്നെ പ്രായോഗിക പഥത്തിൽ എത്താതെ കടലാസിൽ ഒതുങ്ങുകയുണ്ടായി.

11. സമിതി 2024 ഡിസംബറിൽ ഈ വിഷയത്തിൽ നടത്തിയ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട സെക്രട്ടറിയോ വകുപ്പ് ഡയറക്ടറോ മറ്റു ഉദ്യോഗസ്ഥരോ ഹാജരാവാതെ ഒരു അസിസ്റ്റന്റ് ഡയറക്ടർ മാത്രമാണ് പങ്കെടുത്തത്. ഉദ്യോഗസ്ഥ തലത്തിൽ ഈ വിഷയത്തെ എങ്ങനെ സമീപിക്കുന്നു എന്നുള്ളതിന് ഇത് ദൃഷ്ടാന്തമാണ്. തുടർന്ന് 2025 ജനുവരി 6-ന് നടത്തിയ യോഗത്തിൽ 2013-ൽ പ്രഖ്യാപിച്ച വയോജന നയത്തിന് അനുസൃതമായ കർമ്മപരിപാടികൾ നടപ്പാക്കുന്നതിന് ഫണ്ട് ലഭ്യമല്ലാത്തതാണ് കാരണം എന്ന് സൂചിപ്പിക്കുന്നു. പ്ലാനിംഗ് ബോർഡ് ഈ വിഷയത്തിൽ അനുകൂല സമീപനം എടുക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

12. ആഗോളതലത്തിൽ വയോജനങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് കാരണം ജനസംഖ്യാപരമായി സൃഷ്ടിക്കപ്പെടുന്ന ഘടനാ മാറ്റം ഉൾക്കൊള്ളുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങളും നടപടികളും കൈക്കൊള്ളുന്നതിന് രാജ്യങ്ങളും സംസ്ഥാനങ്ങളും സജ്ജമായിക്കൊണ്ടിരിക്കുമ്പോൾ ആഗോള ആരോഗ്യ സൂചികയിൽ വികസിത രാജ്യങ്ങളുടെ നേട്ടത്തിനൊപ്പം നിൽക്കുന്ന കേരളം വയോജന നയ രൂപീകരണത്തിലും അതിന്റെ തുടർച്ചാ മാറ്റങ്ങളിലും ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സർക്കാർ ഇക്കാര്യം ഗൗരവമായി പരിശോധിച്ച് പുതിയ വയോജന നയത്തിന് അനുസൃതമായ മാർഗ്ഗനിർദേശങ്ങളും നടപടികളും സ്വീകരിക്കുന്നതിന് പ്ലാനിംഗ് ബോർഡിൽ രേഖകൾ സമർപ്പിച്ച് ഫണ്ട് അനുവദിപ്പിച്ച് പുതിയ വയോജനനയം എത്രയും പെട്ടെന്ന് സാർത്ഥകമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2025 മാർച്ച് 20.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,
*ചെയർപേഴ്സൺ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.